**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2101** **14-10-2024 - ൽ മറുപടിയ്ക്ക്**

**കുട്ടികൾക്കായുള്ള ചികിത്സാസഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികൾക്കായുള്ള ചികിത്സാസഹായ പദ്ധതികൾ ഏതൊക്കെയെന്നും, ഏതൊക്കെ അസുഖങ്ങൾക്ക് പ്രസ്തുത പദ്ധതികൾ വഴി ചികിത്സാ സഹായം ലഭ്യമാകുമെന്നും വിശദമാക്കാമോ; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, കാരുണ്യ ബെനവലൻറ് ഫണ്ട് , ആരോഗ്യകിരണം, ശ്രുതിതരംഗം, ആർ. ബി.എസ്. കെ, ഹൃദ്യം , ശലഭം, ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC), ആശാധാര പദ്ധതി, FBNC-SNCU, NBSU, MEDICAL NICU,Special Newborn Care Unit (SNCU/ NICU),KAREഎന്നീ പദ്ധതികൾ മുഖേന സംസ്ഥാനത്ത് കുട്ടികൾക്ക് ചികിത്സാസഹായം നൽകി വരുന്നു.<br><br>കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, കാരുണ്യ ബെനവലൻറ് ഫണ്ട് പദ്ധതിയിലെ ഗുണഭോക്തൃ കുടുംബത്തിലെ കുട്ടികൾ ഉൾപ്പെടെ എല്ലാ അംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ വിഭാവനം ചെയ്യുന്നു. കിടത്തി ചികിത്സ ആവശ്യമുള്ള എല്ലാ അസുഖങ്ങൾക്കും വൃക്ക സംബന്ധമായതും ക്യാൻസർ പോലെയുള്ളവയിലും 'ഡേ കെയർ' അടിസ്ഥാനത്തിലും ചികിത്സാ സേവനങ്ങൾ കാസ്പ് , കെ.ബി.എഫ്, പദ്ധതികളിലൂടെ, എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ മുഖാന്തരം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.<br><br>ആരോഗ്യകിരണം പദ്ധതി മുഖേന പതിനെട്ടു വയസ്സുവരെയുള്ള കുട്ടികളുടെ ഒപി., ഐ.പി. വിഭാഗങ്ങളിലുള്ള ചികിത്സാ സേവനങ്ങൾ സർക്കാർ മേഖലയിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ തൃതീയ തലങ്ങളിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ സംവിധാനങ്ങളിൽ നിന്നും ഉയർന്ന ആനുകൂല്യം പരിധിയില്ലാതെ ലഭ്യമാക്കുന്നു. കരൾ, വൃക്ക, മജ്ജ - മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ഉയർന്ന ചികിത്സാ ചെലവ് നേരിടുന്ന വിഭാഗങ്ങളിലും ആരോഗ്യ കിരണം പദ്ധതി പ്രകാരം സേവനം നൽകുന്നുണ്ട്. |

ഗുരുതരമായ ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ വഴി കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളായ ഓഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ സെഷനുകൾ, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, പ്രോസസ്സർ അപ്ഗ്രഡേഷൻ പണരഹിതമായി പദ്ധതി വഴി ലഭ്യമാക്കി വരുന്നു.

ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ ജനന വൈകല്യങ്ങൾ, വളർച്ചാ മാന്ദ്യങ്ങൾ, പോഷകാഹാരക്കുറവ്, മറ്റ് തെരഞ്ഞെടുത്ത ശിശു രോഗങ്ങൾ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുമായി കേന്ദ്ര സർക്കാർ പിന്തുണയോടെ കേരളത്തിൽ നടപ്പിലാക്കി വരുന്ന ഒരു ആരോഗ്യ പദ്ധതിയാണ് ആർ.ബി .എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ത്യ കാര്യക്രം ). കിൻഡർ ഗാർഡൻ, പ്ലേ സ്കൂൾ എന്നിവിടങ്ങളിലും രോഗപ്രതിരോധ കുത്തിവയ്പ്പ് സെഷനുകളും കേന്ദ്രീകരിച്ച് ആരോഗ്യ സ്ക്രീനിംഗ് ആർ ബി എസ് കെ പദ്ധതിയുടെ ഭാഗമായിനടന്നു വരുന്നു. 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്ക് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ വഴിയും, മെഡിക്കൽ കോളേജ് ആശുപത്രികൾ വഴിയും ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സാ സേവനങ്ങൾ RBSK പദ്ധതി വഴി സൗജന്യമായി ലഭ്യമാണ്.

ശിശുമരണത്തിന്റെ പ്രധാന കാരണങ്ങളിൽ ഒന്നായ ജന്മനാലുള്ള ഹൃദയവൈകല്യങ്ങൾ യഥാസമയം കണ്ടെത്തി മതിയായ ചികിത്സ ഉറപ്പാക്കുന്നതിനായി ഹൃദ്യം പദ്ധതി 2017 ആഗസ്റ്റ് മുതൽ നടപ്പാക്കി വരുന്നു. ഇതിലൂടെ 7578 ൽപരം ശസ്ത്രക്രിയകളും, ഇന്റർവെൻഷനുകളും ഇതിനകം നടത്തിയിട്ടുണ്ട്. ഈ പദ്ധതി വഴി എംപാനൽ ചെയ്ത സർക്കാർ സ്വകാര്യ ആശുപത്രികളിൽ സർജറി ഉൾപ്പെടെ ചികിത്സകൾ സൗജന്യമായി നൽകി വരുന്നു. ഹൃദ്യം വെബ് സൈറ്റ് (hridyam.kerala.gov.in) വഴി പൊതുജനങ്ങൾക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

കേരളത്തിലെ ചൈൽഡ് ഹെൽത്ത് പ്രോഗ്രാമിന് കീഴിലുള്ള എല്ലാ സ്ക്രീനിംഗ് , ഫോളോഅപ്പ് പ്രവർത്തനങ്ങൾക്കും നൽകിയിരിക്കുന്ന ബ്രാൻഡ്

നാമമാണ് ശലഭം. ഇതിന്റെ കീഴിൽ സമഗ്ര നവജാത ശിശു സ്ക്രീനിംഗ് , ഫീൽഡ് തല RBSK സ്ക്രീനിംഗ് എന്നീ രണ്ടു പ്രധാന സ്ക്രീനിംഗ് പരിപാടികൾ നടത്തി വരുന്നു .സ്ക്രീനിംഗ് വഴി കണ്ടെത്തുന്ന 30 ആരോഗ്യ അവസ്ഥകൾക്കും സർക്കാർ ആശുപത്രികൾ വഴി സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു.

ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ പദ്ധതിയിലൂടെ കുട്ടികളിലെ വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും നേരത്തെ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള സംവിധാനം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ എന്ന പേരിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ശിശുരോഗ വിദഗ്ധനും മെഡിക്കൽ ഓഫീസറും ഡെന്റൽ ഡോക്ടറുടെയും നേതൃത്വത്തിൽ സമഗ്രമായ ആരോഗ്യ പരിശോധനയും സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി, ഓഡിയോളജി, ഓപ്റ്റോമെട്രി , സ്പെഷ്യൽ എഡ്യൂക്കേഷൻ, സൈക്കോളജിക്കൽ കൗൺസിലിംഗ് തുടങ്ങിയ തെറാപ്പി സേവനങ്ങളും തികച്ചും സൗജന്യമായി ഇവിടെ നിന്നും ലഭ്യമാണ്.

ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ, തലാസീമിയ തുടങ്ങിയ രോഗബാധിതർക്കായി നടപ്പിലാക്കി വരുന്ന സമഗ്രവും വികേന്ദ്രീകൃതവുമായ പദ്ധതിയാണ് ആശാധാര. ഇവർക്കുള്ള comprehensive ചികിത്സ ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ ഡെകെയർ സെന്ററുകൾ (DDCC) ആരംഭിക്കുകയും അതിലേക്ക് മുഴുവൻ സമയം ഒരു patient care coordinator നെ നിയമിക്കുകയും ഒരു ഡോക്ടറിന് നോഡൽ ഓഫീസറുടെ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. രോഗികളുടെ രജിസ്ട്രേഷൻ, രോഗീ പരിചരണത്തിന്റെ ഭാഗമായുള്ള ബോധവൽക്കരണം, പരിശോധനകൾ എന്നിവ കൃത്യമായ ഇടവേളകളിൽ ലഭ്യമാക്കുക, കുട്ടികൾക്കുള്ള പ്രൊഫൈലാക്സിസ് തുടങ്ങിയവ നടത്തുക എന്നിവയാണ് പ്രധാനമായി ജില്ലാ ഡെകെയർ സെന്ററുകൾ ചെയ്തുവരുന്നത്.

ഓരോ നവജാത ശിശുവിനും ജനനസമയത്തും ആദ്യത്തെ 48 മണിക്കൂർ ആരോഗ്യ കേന്ദ്രത്തിലും പിന്നീട് 15 മാസം വരെ വീട്ടിലും അവശ്യ സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള ഒരു തുടർ പരിചരണസംവിധാനമാണ് FBNC (ഫെസിലിറ്റി ബേസ്ഡ് നവജാത ശിശു സംരക്ഷണം).

24*7 പ്രവർത്തനസമയമുള്ള സെക്കന്ററി ലെവൽ പ്രത്യേക നവജാത ശിശു സംരക്ഷണ യൂണിറ്റാണ്

| | | | |
|---|---|---|---|
| | | | SNCU. തൂക്കക്കുറവുള്ളവരും രോഗികളുമായ നവജാതശിശുക്കൾക്ക് പരിചരണം നൽകുന്നതിന് മികച്ച പരിശീലനം ലഭിച്ച ഡോക്ടർമാരും സ്റ്റാഫ് നഴ്സുമാരും സപ്പോർട്ട് സ്റ്റാഫും ഉള്ള ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സ്ഥിതി ചെയ്യുന്ന 12 കിടക്കകളുള്ള വലിയ യൂണിറ്റാണ്. SNCU-കളിൽ 1800 ഗ്രാമിൽ താഴെ ഭാരമുള്ള ശിശുക്കളുടെ പരിചരണം നൽകുന്നു. മുഴുവൻ താലൂക്ക് ആശുപത്രികളിലും നവജാത പരിചരണ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.<br><br>മികച്ച ഗുണനിലവാരത്തിലുള്ള ശിശു സൗഹൃദസേവനങ്ങൾ എല്ലാവർക്കും ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ കോളേജ്, SNCU/NBSU, Pediatric OPD, Pediatric ward, Nutrition Rehabilitation center എന്നിവിടങ്ങളിലെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി MUSQAN പ്രോഗ്രാം ഇതോടൊപ്പം നടത്തിവരുന്നു.<br><br>അപൂർവ്വ രോഗങ്ങൾ കാരണം ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്ക് രോഗങ്ങൾ പ്രതിരോധിക്കാനും, നേരത്തെ കണ്ടെത്താനും, ചികിത്സകൾ ലഭ്യമായ സാഹചര്യങ്ങളിൽ അവ ലഭ്യമാക്കാനും, മരുന്നുകൾ കൂടാതെ സാധ്യമായ തെറാപ്പികൾ, സാങ്കേതിക സഹായ ഉപകരണങ്ങൾ ലഭ്യമാക്കുക, ഗൃഹകേന്ദ്രീകൃത സേവനങ്ങൾ ഉറപ്പുവരുത്തുക, മാതാപിതാക്കൾക്കുള്ള മാനസിക സാമൂഹിക പിന്തുണ ഉറപ്പ് വരുത്തുക തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഒരുക്കിയ ഒരു സമഗ്ര പരിചരണ പദ്ധതിയാണ് KARE. കേന്ദ്ര അപൂർവ്വരോഗ നയപ്രകാരം ഒരു രോഗിക്ക് 50 ലക്ഷം രൂപ വരെ മാത്രമാണ് ചികിത്സാസഹായം. എന്നാൽ പ്രതിവർഷം ഒരു കോടിക്ക് മുകളിൽ ചെലവ് വരുന്ന SMA പോലെയുള്ള രോഗങ്ങൾക്ക് KARE പദ്ധതി വഴി സൗജന്യ ചികിത്സ ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങളും വരുമാന പരിധിയും അപേക്ഷ സമർപ്പിക്കേണ്ട രീതിവും വിശദമാക്കാമോ; | (ബി) | 2019 വർഷം വരെ RSBY പദ്ധതിയിൽ സജീവമായിട്ടുണ്ടായിരുന്ന കുടുംബങ്ങളും 2011 വർഷത്തിലെ സാമൂഹിക-സാമ്പത്തിക-ജാതി സെൻസസിൽ ഉൾപ്പെട്ടിട്ടുള്ള അവശ വിഭാഗങ്ങളിൽപ്പെടുന്ന കുടുംബങ്ങളും ഉൾപ്പെടെ ഏകദേശം 42 ലക്ഷം കുടുംബങ്ങളെയാണ് കാസ്പ് പദ്ധതിയിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയിൽ റേഷൻ കാർഡ്, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ, ആധാർ കാർഡ് മുതലായ രേഖകളുടെ അടിസ്ഥാനത്തിൽ കാസ്പ് പദ്ധതിയുടെ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ സ്വകാര്യ |

| | | | |
|---|---|---|---|
| | | | ആശുപത്രികളുടെ കിയോസ്കുകളിൽ നിന്നും ചികിത്സാ കാർഡുകൾ നൽകപ്പെടുന്നു<br><br>തദ്ദേശീയരായ ആദായനികുതി ദായകരോ കേന്ദ്ര/ സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്നവരാണ് കെ.ബി.എഫ്., ആരോഗ്യകിരണം,<br>ശ്രുതിതരംഗം എന്നീ പദ്ധതികളുടെ ഗുണഭോക്താക്കൾ. കെ.ബി.എഫ്., ആരോഗ്യകിരണം പദ്ധതികളിൽ റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സത്യ വാങ്മൂലം , ആധാർ കാർഡ് മുതലായ രേഖകളുടെ അടിസ്ഥാനത്തിൽ കാസ്പ് പദ്ധതിയുടെ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ സ്വകാര്യ ആശുപത്രികളുടെ കിയോസ്കുകളിൽ നിന്നും ചികിത്സാ കാർഡുകൾ നൽകപ്പെടുന്നു.<br><br>ശ്രുതിതരംഗം പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികളിൽ നിന്ന് അപേക്ഷ ഫോമുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും പൂരിപ്പിച്ച അപേക്ഷകൾ പ്രസ്തുത ആശുപത്രികൾ തന്നെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ നിർദിഷ്ട ഇ-മെയിൽ വിലാസത്തിലേക്ക് അയച്ച് നൽകുകയുമാണ് ചെയ്തു വരുന്നത്. തുടർന്ന് ഈ അപേക്ഷകൾ പദ്ധതിയുടെ സാങ്കേതിക സമിതിയുടെ വിലയിരുത്തലിന് ശേഷം അംഗീകാരം നൽകുകയും ചികിത്സാ സേവനങ്ങൾ ആശുപത്രികൾ വഴി ലഭ്യമാക്കുകയും ചെയ്യുന്നു.<br><br>ആദായ നികുതി ദായകർക്കും സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഒഴികെ 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും എ.പി.എൽ , ബി പി എൽ വ്യത്യാസം ഇല്ലാതെ ആരോഗ്യ കിരണം,ആർ. ബി.എസ്. കെ, ,രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം, ശ്രുതിതരംഗം, ആർ. ബി.എസ്. കെ, ഹൃദ്യം , ശലഭം, ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC), ആശാധാര പദ്ധതി, FBNC-SNCU, NBSU, MEDICAL NICU,Special Newborn Care Unit (SNCU/NICU) KARE പദ്ധതികളുടെയും ഗുണഫലങ്ങൾ ആർ ബി എസ് കെ പദ്ധതി പ്രകാരം ലഭിക്കുന്നതാണ്. |
| (സി) | കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സയ്ക്ക് നല്കിവരുന്ന സഹായങ്ങളും അർഹതാ മാനദണ്ഡവും അപേക്ഷാ രീതിയും വിശദമാക്കാമോ? | (സി) | കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളായ ഓഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ തെറാപ്പികൾ, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, പ്രോസസ്സർ അപ്ഗ്രഡേഷൻ |

| | | | |
|---|---|---|---|
| | | | എന്നീ സേവനങ്ങളാണ് ശ്രുതിതരംഗം പദ്ധതി വഴി ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നത്.<br><br>തദ്ദേശീയരായ ആദായനികുതി ദായകരോ കേന്ദ്ര/ സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്നവരാണ് ശ്രുതിതരംഗം പദ്ധതിയുടെ ഗുണഭോക്താക്കൾ. ശ്രുതിതരംഗം പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികളിൽ നിന്ന് അപേക്ഷ ഫോമുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും പൂരിപ്പിച്ച അപേക്ഷകൾ പ്രസ്തുത ആശുപത്രികൾ തന്നെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ നിർദിഷ്ട ഇ-മെയിൽ വിലാസത്തിലേക്ക് അയച്ച നൽകുകയുമാണ് ചെയ്തു വരുന്നത്. തുടർന്ന് ഈ അപേക്ഷകൾ പദ്ധതിയുടെ സാങ്കേതിക സമിതിയുടെ വിലയിരുത്തലിന് ശേഷം അംഗീകാരം നൽകുകയും ചികിത്സാ സേവനങ്ങൾ ആശുപത്രികൾ വഴി ലഭ്യമാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ